**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4528** **01-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 മുതൽ ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം നൽകുമോ? | (എ) | 1. 2020-21 മുതൽ ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പിനു കീഴിൽ ജലയാനങ്ങളിൽ ജോലി നോക്കുന്നതിനായി ഉദ്യോഗാർത്ഥികൾക്ക് ബോട്ട് ക്രൂ ട്രെയിനിംഗ് നടത്തുന്നതിനുവേണ്ടി ഒരു മാരിടൈം ട്രെയിനിംഗ് ഹാൾ പണി പൂർത്തിയാ ക്കിയിട്ടുണ്ട്.<br><br>2. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് M/s. മുസിരിസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നിർമ്മാണം ആരംഭിക്കു കയും നവീകരിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. മ്യൂസിയം പ്രവർത്തന സജ്ജമാകുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.<br><br>3, ആലപ്പുഴ തുറമുഖത്ത് ജോലി ചെയ്തിരുന്ന കയറ്റിറക്കു തൊഴിലാളികൾക്ക് / ആശ്രിതർക്ക് ഓണത്തോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5250/- രൂപയുടെ ധന സഹായവും രണ്ടാഴ്ചക്കാലത്തെ സൗജന്യ റേഷനും നൽകി വരുന്നു.<br><br>4. ആലപ്പുഴ തുറമുഖ ഓഫീസിലേയ്ക്ക് കെ.ഐ.വി റൂൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു സ്പീഡ് ബോട്ട് വാങ്ങുന്നതിനായി 20,00,000/- രൂപയുടെ (ഇരുപത് ലക്ഷം രൂപ) ഭരണാനുമതി നൽകിയി ട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>5. കേരള ഇൻലാന്റ് വെസ്സൽ റൂൾസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അനവധി ഉൾനാടൻ ജലയാനങ്ങൾ പ്രവർത്തിച്ചു വരുന്ന ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ ഡ്രൈഡോക്കിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതി ലേയ്ക്കായി PPP Mode/Direct Execution-ൽ |

| | | | |
|---|---|---|---|
| | | | ഡ്രൈഡോക്ക് നിർമ്മിക്കുന്നതിനും ഇതിനാവശ്യ മായ സ്ഥലം വാങ്ങുന്നതിനും 3 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. Land Acquisition Act 2013, Land Acquisition Rules 2015 എന്നിവ പ്രകാരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു.<br><br>6. ആലപ്പുഴ തുറമുഖത്തെ പഴയ കടൽപ്പാലത്തിന് സമാന്തരമായി ടൂറിസം വകുപ്പ് നിർമിക്കാനുദ്ദേ ശിക്കുന്ന കടൽപ്പാലത്തിനോട് ചേർന്ന് ഒരു വാർഫ് നിർമിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ